പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3626 — 14/03/2017-ൽ മറുപടിക്ക്

## ആർ.സി.സി.യിലെ രോഗികൾക്ക് രക്തം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ആൻസലൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ആർ.സി.സി.യിലെ രോഗികൾക്ക് രക്തം സംഘടിപ്പിക്കുന്നതിന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു 2015 മാർച്ച് 6 ന് ആരോഗ്യ സെക്രട്ടറിയുടെ നേതൃത്വ-ത്തിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നിലവിൽ നടപ്പിലാക്കി-യിട്ടുണ്ടോ; ഇത് സംബന്ധിച്ച് എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും | രക്തബാങ്കിലേയ്ക്ക് കൂടുതൽ രക്തം ശേഖരിക്കുന്ന-തിനായി കൂടുതൽ രക്തദാന ക്യാമ്പുകൾ നടത്തുന്നതിന് തീരുമാനിച്ചു. ഇതിലേയ്ക്കായി ആവശ്യമായ സഹായസഹകരണങ്ങൾ നൽകുവാൻ Kerala Blood Donors Society തയ്യാറായിട്ടുണ്ട്. കൂടുതൽ രക്തദാന ക്യാമ്പുകൾ നടത്തുന്നതിന് KSACS (Kerala State Aids Control Society)യും സന്നദ്ധമാണ്. കൂടാതെ ഒരു ഡോക്ടർ, 5 ലാബ് ടെക്നീഷ്യൻ, ഒരു സ്റ്റാഫ് നേഴ്സ് എന്നീ തസ്തികകളിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതിനും അവർക്കുവേണ്ട ശമ്പളം NRHM വഴി നൽകുന്നതിനും തീരുമാനിച്ചു. പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ NRHM-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | ആർ.സി.സി.യിലേയ്ക്കുവേണ്ടി പുറത്തുനിന്നും രക്തദാന ക്യാമ്പ് നടത്തി രക്തം ശേഖരിച്ച് രോഗികളെ സഹായിക്കാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | | |
| സി) | ആർ.സി.സി.യിൽ പ്രതിവർഷം 15000 പുതിയ രോഗികൾ എത്തുന്നതിനാലും അവർക്ക് പ്രതിവർഷം 25000-ൽപരം യൂണിറ്റ് രക്തം ആവശ്യമായി വരുന്നതിനാലും ഇതിനുവേണ്ടി എന്ത് നടപടികൾ ആണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സി) | ആർ.സി.സി മാസത്തിൽ ചുരുങ്ങിയത് 4 രക്തദാന ക്യാമ്പുകൾ നടത്താറുണ്ട്. രക്ത ശേഖരണത്തിനുവേണ്ടി ആർ.സി.സിയിൽ ഒരു വാഹനവും സജ്ജമാണ്. |

സെക്ഷൻ ഓഫീസർ